5
ചൊവ്വ
2017 ഡിസംബർ
1193 വൃശ്ചികം 20

മക്തബ്

www.makthabdaily.com

തെങ്ങിൻ തോട്ടം വിൽപ്പനക്ക്
മണക്കടവ് ടൗണിന് സമീപം 1½ ഏക്കർ തെങ്ങിൻ തോട്ടം (ചരിവ് സ്ഥലം) വിൽപ്പനക്ക്. വില:16 ലക്ഷം രൂപ.
ബന്ധപ്പെടുക. 9495764716

തളിപ്പറമ്പ | പുസ്തകം 11 ലക്കം 43 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2015-17 | Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ

സ്വന്തം ചരമവാർത്തയും പരസ്യവും നൽകി മുങ്ങിയ തളിപ്പറമ്പിലെ ജോസഫിനെ കണ്ടെത്തി

പേജ് 4
കുടുംബത്തിന്റെ സ്നേഹം അളക്കാനാണ് ചരമവാർത്തയും പരസ്യവും നൽകിയതെന്ന്

തളിപ്പറമ്പ: സ്വന്തം ചരമവാർത്തയും പരസ്യവും പത്രങ്ങളിൽ പ്രസിദ്ധീകരിപ്പിച്ച ശേഷം മുങ്ങിയ തളിപ്പറമ്പ് കുറ്റിക്കോൽ സ്വദേശിയെ കണ്ടെത്തി. കുറ്റിക്കോലിൽ താമസിക്കുന്ന ജോസഫ് മേലുകുന്നേൽ (75)നെ ഇന്ന് പുലർച്ചെ മൂന്ന് മണിയോടെ കോട്ടയം തിരുനക്കര ഐശ്വര്യ ലോഡ്ജിൽ നിന്ന് പോലീസ് കസ്റ്റഡിയിലെടുത്തു. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ പാർപ്പിച്ചിരിക്കുന്ന ജോസഫിനെ ഏറ്റുവാങ്ങാൻ തളിപ്പറമ്പിൽ നിന്നും എ.എസ്.ഐ ജയരാജന്റെ നേതൃത്വത്തിലുള്ള സംഘം കോട്ടയത്തേക്ക് പോയിട്ടുണ്ട്. വൈകുന്നേരത്തോടെ ജോസഫിനെ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ കൊണ്ടുവരും.

കഴിഞ്ഞ വ്യാഴാഴ്ച രാവിലെയാണ് പയ്യന്നൂർ ടൗണിലെ പെരുമാൾ ടൂറിസ്റ്റ് ഹോമിൽ നിന്നും ജോസഫ് സ്ഥലംവിട്ടത്. അന്ന് രാവിലത്തെ പ്രമുഖ പത്രങ്ങളിൽ തന്റെ ചരമവാർത്തയും ചരമ പരസ്യവും പ്രസിദ്ധീകരിപ്പിച്ച ശേഷമാണ് രാവിലെ 8.10 ഓടെ ലോഡ്ജിൽ നിന്ന് പോയത്. തന്റെ ബന്ധുവിന്റെ മരണവാർത്തയും പരസ്യവുമാണെന്ന് പറഞ്ഞാണ് ഇയാൾ പ്രമുഖ പത്രങ്ങളിൽ വാർത്തയും പരസ്യവും പ്രസിദ്ധീകരിപ്പിച്ചത്. ലോഡ്ജിൽ നിന്നും പോയ ശേഷം ചരമവാർത്തയും പരസ്യവും ശ്രദ്ധയിൽപ്പെട്ട ലോഡ്ജ് അധികൃതർ പയ്യന്നൂർ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തി. ജോസഫ് സ്ഥലംവിട്ട വിവരം വാർത്തയായതിനെ തുടർന്ന് അന്ന് വൈകുന്നേരത്തോടെ ഭാര്യ തളിപ്പറമ്പ് പോലീസിൽ പരാതി നൽകിയിരുന്നു. ഇതേ തുടർന്നാണ് അന്വേഷണം തുടങ്ങിയത്. അന്നുമുതൽ ജോസഫിന്റെ മൊബൈൽ ഫോൺ സ്വിച്ചോഫ് ചെയ്തനിലയിലായിരുന്നു. ഇന്നലെ ജോസഫ് കോട്ടയം പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കിലെത്തി. ഉച്ചക്ക് 2.30ഓടെ എത്തിയ ജോസഫ് സ്വന്തം മരണവാർത്തയും പരസ്യവും പ്രസിദ്ധീകരിച്ച പത്രം ബാങ്ക് സെക്രട്ടറിയെ കാണിച്ച് മരിച്ചത് തന്റെ ബന്ധുവാണെന്ന് കരഞ്ഞ് പറഞ്ഞു. മൃതദേഹത്തിൽ നിന്ന് ലഭിച്ചതെന്ന് പറഞ്ഞ് സ്വർണ്ണമാലയും വൻ തുകയും എ.ടി.എം. കാർഡും അടങ്ങിയ പൊതി സെക്രട്ടറിയെ ഏൽപ്പിച്ച ശേഷം മരിച്ചയാളുടെ ഭാര്യ തളിപ്പറമ്പ് കുറ്റിക്കോലിലെ മേരിക്കുട്ടിക്ക് അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടു. ബാങ്കിന് ഇങ്ങനെയൊരു സംവിധാനമില്ലെന്നും നിങ്ങൾക്ക് തന്നെ നേരിട്ട് എത്തിക്കാമല്ലോയെന്നും സെക്രട്ടറി പറഞ്ഞപ്പോൾ പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് ജോസഫ് മറുപടിയായി നൽകിയത്. ഇതോടെ സംശയം തോന്നിയ സെക്രട്ടറി ശിവജി തളിപ്പറമ്പ് കാർഷിക വികസന ബേങ്ക് സെക്രട്ടറിയും അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ വി.വി. പ്രിൻസുമായി ബന്ധപ്പെട്ടു. പ്രിൻസിൽ നിന്നാണ് ഇയാൾ മുങ്ങിയ ജോസഫാണെന്ന് വ്യക്തമായത്. അതിനിടെ ശിവജിയുടെ സംസാരം കേട്ട ജോസഫ് ബാങ്കിൽ നിന്ന് ഇറങ്ങിപ്പോവുകയായിരുന്നു. ജോസഫ് കോട്ടയം ബാങ്കിലെത്തിയ വിവരം ശിവജി തളിപ്പറമ്പ് ഡി.വൈ. എസ്.പി കെ.വി. വേണുഗോപാലിനെ അറിയിച്ചു. വേണുഗോപാൽ കോട്ടയം ഡി.വൈ. എസ്.പി സക്കറിയയുമായി ബന്ധപ്പെട്ടു. ഇതേ തുടർന്ന് കോട്ടയം നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ലോഡ്ജുകളിൽ നടത്തിയ പരിശോധനയിലാണ് ജോസഫിനെ കണ്ടെത്തിയത്.

ചരമവാർത്തയും പരസ്യവും നൽകി ഒളിവിൽ പോയ ജോസഫിനെ കോട്ടയം വെസ്റ്റ് പോലീസ് കസ്റ്റഡിയിലെടുത്തപ്പോൾ

നടുവിലിൽ സംഘർഷം തുടരുന്നു • പരിക്കേറ്റ ലീഗുകാർ ജാമ്യമില്ലാ വകുപ്പിൽ അറസ്റ്റിൽ

സി.പി.എമ്മുകാർക്കും ലീഗ് നേതാക്കൾക്കും മർദനം

സർവ്വകക്ഷി സമാധാനയോഗം യു.ഡി.എഫ് ബഹിഷ്കരിക്കും

നടുവിൽ: സി.പി.എം - മുസ്ലിംലീഗ് സംഘർഷം നിലനിൽക്കുന്ന നടുവിലിൽ ഇന്ന് വൈകുന്നേരം സമാധാനയോഗം ചേരാനിരിക്കെ വീണ്ടും അക്രമം. അക്രമത്തിൽ ഒരു സി.പി.എം പ്രവർത്തകനും മൂന്ന് മുസ്ലിംലീഗ് പ്രവർത്തകർക്കും പരിക്കേറ്റു. പരിക്കേറ്റ മുസ്ലിംലീഗ് പ്രവർത്തകരെ ബോംബേറ് കേസിൽ ജാമ്യമില്ലാ വകുപ്പ് ചുമത്തി കുടിയാൻമല പോലീസ് അറസ്റ്റ് ചെയ്തു.

ദേശാഭിമാനി ഏജന്റ് കൂടിയായ സി.പി.എം പ്രവർത്തകൻ സി. ഹാരിസിനെ ഇന്ന് രാവിലെ 8.30ഓടെ അക്രമിച്ചതോടെയാണ് വീണ്ടും സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. പത്ര വിതരണത്തിനിടയിൽ നടുവിൽ ഗവ. ആശുപത്രിക്ക് സമീപം ഒരു സംഘം ലീഗുകാർ തടഞ്ഞ് നിർത്തി ബലംപ്രയോഗിച്ച് സമീപത്തെ ഡ്രൈവർ മുഹമ്മദ് കുഞ്ഞിയുടെ വീട്ടിലേക്ക് തള്ളിക്കൊണ്ടുപോയി മർദിച്ചുവെന്നാണ് സി.പി.എം ആരോപിക്കുന്നത്. ഹാരിസ് സഞ്ചരിച്ച ബൈക്കും തകർത്തു. സി.പി.എം നടുവിൽ ലോക്കൽ കമ്മിറ്റിയംഗം പി.ആർ. സുരേഷിന്റെ താണ് ബൈക്ക്. പത്രവിതരണം കഴിഞ്ഞ് ബൈക്ക് സുരേഷിന്റെ വീട്ടിൽ തിരികെ വെക്കാൻ പോകുന്നതിനിടയിലാണ് അക്രമം ഉണ്ടായത്. മുസ്ലിംലീഗുകാരായ മുഹമ്മദ്കുഞ്ഞി, സൈനുദീൻ, ബഷീർ, റഷീദ്, നൗഷാദ് തുടങ്ങിയവർ ചേർന്ന് അക്രമിച്ചുവെന്നാണ് പരാതി. പരിക്കേറ്റ ഹാരിസിനെ തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഈസംഭവത്തിന് ശേഷം മുസ്ലിംലീഗ് പ്രാദേശിക നേതാക്കൻമാർ അക്രമിക്കപ്പെട്ടു. ശാഖ നേതാക്കളായ കെ. മുഹമ്മദ്കുഞ്ഞി (51), കെ. സൈനുദീൻ (46), സി.പി. അബൂബക്കർ (52) എന്നിവർക്കാണ് മർദനമേറ്റത്. നടുവിൽ പഞ്ചായത്ത് ഓഫീസ് റോഡിന് സമീപം ഓട്ടോറിക്ഷ തടഞ്ഞാണ് മുസ്ലിംലീഗുകാരെ അക്രമിച്ചത്. നടുവിൽ ബാങ്ക് ജീവനക്കാരനായ മുഹമ്മദ്കുഞ്ഞി ലീഗ് പ്രവർത്തകർക്കൊപ്പം നടുവിലെ വേലായുധൻ എന്ന ആളുടെ ഓട്ടോറിക്ഷയിൽ വരികയായിരുന്നു. ഇവരെ ഓട്ടോ തടഞ്ഞ് വലിച്ചിറക്കി മർദിക്കുകയായിരുന്നുവത്രെ. ഓട്ടോറിക്ഷക്കും കേടുപാട് സംഭവിച്ചു. വിവരം അറിഞ്ഞെത്തിയ പോലീസ് മൂന്ന് മുസ്ലിംലീഗുകാരെയും കസ്റ്റഡിയിലെടുത്തു. കഴിഞ്ഞദിവസം നടന്ന ബോംബാക്രമണക്കേസിൽ പ്രതിയാണ് ഇവരെന്നാണ് പോലീസ് പറയുന്നത്. തുടർന്ന് ഈ കേസിൽ ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തി. ജാമ്യമില്ലാവകുപ്പ് ചുമത്തിയാണ് അറസ്റ്റ്. അക്രമത്തിൽ പരിക്കേറ്റ ഇവരെ തുടർന്ന് വൈദ്യ പരിശോധനക്ക് കൊണ്ടുപോയി. എന്നാൽ അക്രമത്തിൽ പരിക്കേറ്റ തങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിന് പകരം കള്ളക്കേസ് ചുമത്തി അറസ്റ്റ് ചെയ്യുകയായിരുന്നുവെന്ന് മുസ്ലിംലീഗ് പ്രവർത്തകർ പറയുന്നു. സജി, സുരേഷ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് തങ്ങളെ അക്രമിച്ചതെന്നും ലീഗ് പ്രവർത്തകർ പറഞ്ഞു.

അതേസമയം നടുവിൽ അക്രമ സംഭവങ്ങളിൽ പോലീസ് ഏകപക്ഷീയമായി മുസ്ലിംലീഗ് പ്രവർത്തകർക്കെതിരെ നടപടിയെടുക്കുന്നുവെന്നാരോപിച്ച് ഇന്ന് വൈകുന്നേരം ചേരാൻ നിശ്ചയിച്ച സർവ്വകക്ഷി സമാധാന യോഗം ബഹിഷ്ക്കരിക്കാൻ യു.ഡി.എഫ് തീരുമാനിച്ചു. പോലീസ് അക്രമികൾക്ക് കൂട്ടുനിൽക്കുകയാണെന്ന് ഇരിക്കൂർ നിയോജക മണ്ഡലം മുസ്ലിംലീഗ് ജനറൽ സെക്രട്ടറി ടി. എൻ. ഖാദർ ആരോപിച്ചു.

കക്കാട് സംഘർഷം; അഞ്ച് സി.പി.എമ്മുകാരും ആറ് ബി.ജെ.പിക്കാരും അറസ്റ്റിൽ

കണ്ണൂർ: കക്കാട്, എടച്ചൊവ്വ, ഒണ്ടേൻപറമ്പ് ഭാഗങ്ങളിൽ കഴിഞ്ഞ ദിവസം നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് അഞ്ച് സി.പി.എമ്മുകാരെയും ആറ് ബി.ജെ.പിക്കാരെയും അറസ്റ്റ് ചെയ്തു. കക്കാട് വൈദ്യുതി തൂണിൽ പെയിന്റടിച്ച് സംഘർഷം സൃഷ്ടിക്കാൻ ശ്രമിച്ചതിന് സി.പി.എം പ്രവർത്തകരും എടച്ചൊവ്വ സ്വദേശികളുമായ മൈഥലി നിവാസിൽ സി. പി. ജിനേഷ് (28), പനങ്കാവ് ഹൗസിൽ സി.കെ. വിനീത് (23), തേജസ് ഹൗസിൽ രാഹുൽ രാജ് (23), പറശിനി കാർട്ടേഴ്സിൽ സി.പി. സജയ് (25), ചൊവ്വ സ്വദേശി സോപാനം ഹൗസിൽ കെ.പി. നിധിൻ (29) എന്നിവരാണ് അറസ്റ്റിലായത്.

കക്കാട് പോലീസിന് നേരെ ബോംബെറിഞ്ഞ കേസിലാണ് ആറ് ബി.ജെ.പി പ്രവർത്തകർ പിടിയിലായത്. അക്രമത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞ് ആശുപത്രി വിട്ടയുടൻ അരിപ്പിടി ഹൗസിൽ അതുൽ (24), പുതിയതെരുഹൗസിൽ സി.പി. ജിതിൻ (29) എന്നിവരെ അറസ്റ്റ് ചെയ്യുകയായിരുന്നു. ഇന്നലെ രാത്രിയോടെ തയ്യിൽ കടപ്പുറത്ത് വെച്ച് ബി.ജെ.പി പ്രവർത്തകരായ സബിൻ, റനീഷ്, മിഥുൻ, അഖിൽ എന്നിവരെയും അറസ്റ്റ് ചെയ്തു. നേരത്തെ ഈ കേസിൽ സി.പി. അജിത്ത് (23)നെ അറസ്റ്റ് ചെയ്തിരുന്നു. ഇയാളെ കണ്ണൂർ കോടതി രണ്ടാഴ്ചത്തേക്ക് റിമാണ്ട് ചെയ്തു. ഇതോടെ ബോംബേറ് കേസിൽ പിടിയിലായവരുടെ എണ്ണം ഏഴായി.

പേരാവൂരിൽ ഡിഫ്ത്തീരിയ ബാധിച്ച് വിദ്യാർത്ഥിനി മരിച്ചു

പേരാവൂർ: ഡിഫ്ത്തീരിയ ചികിത്സയിലായിരുന്ന വിദ്യാർത്ഥിനി മരിച്ചു. പേരാവൂരിലെ സ്വകാര്യ ഇംഗ്ലീഷ് സ്കൂൾ വിദ്യാർത്ഥിനിയും മണത്തണ വളയങ്ങാട്ട് സ്വദേശിനിയുമായ ശ്രീപാർവ്വതി (14) ആണ് മരണമടഞ്ഞത്. വളയങ്ങാട്ടെ കുന്നത്ത് കൂലോത്ത് ഉദയൻ-തങ്കമണി ദമ്പതികളുടെ മകളാണ്.

ഏതാനും ദിവസം മുമ്പ് സ്കൂളിൽ നിന്ന് ബംഗ്ളൂരുവിലേക്ക് വിനോദയാത്ര പോയി വന്നതിന് ശേഷമാണ് രോഗലക്ഷണങ്ങൾ കണ്ടത്. പനിബാധിച്ച് പേരാവൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. രോഗംമൂർച്ഛിച്ചതിനെ തുടർന്ന് പരിയാരം മെഡി. കോളേജിൽ പ്രവേശിപ്പിച്ചു. ഡിഫ്ത്തീരിയയാണെന്ന് വ്യക്തമായതിനെ തുടർന്ന് കോഴിക്കോട് മീംസ് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം.

ഡിഫ്ത്തീരിയക്കെതിരെ യഥാസമയം കുത്തിവെപ്പ് നടത്തിയ വിദ്യാർത്ഥിനിയാണ് ശ്രീപാർവ്വതി. കുട്ടിക്ക് രോഗപ്രതിരോധശേഷി കുറവായതിനാലാണ് കുത്തിവെപ്പ് എടുത്തിട്ടും രോഗംബാധിക്കാൻ കാരണമെന്നാണ് ആരോഗ്യ വകുപ്പ് അധികൃതരുടെ നിലപാട്.

ചെമ്പേരിയിൽ കോൺഗ്രസ് നിയന്ത്രണത്തിലുള്ള ക്ലബ് തകർത്തു; രണ്ടുപേർക്ക് പരിക്ക്

ചെമ്പേരി: ചെമ്പേരി വളയംകുണ്ടിൽ കോൺഗ്രസ് നിയന്ത്രണത്തിലുള്ള ഫ്രണ്ട്സ് ക്ലബിന് നേരെ അക്രമം. ക്ലബിലിരിക്കുകയായിരുന്ന രണ്ടുപേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി ഒമ്പതുമണിയോടെയാണ് സംഭവം. ഏരുവേശി സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിന്റെ തുടർച്ചയാണ് അക്രമമെന്ന് സംശയിക്കുന്നു.

ക്ലബിൽ അതിക്രമിച്ചു കയറിയ ഒരു സംഘം കാരംസ് ബോർഡ്, ഫർണ്ണിച്ചറുകൾ, മേശ, കസേരകൾ എന്നിവ തകർത്ത് റോഡിലേക്ക് വലിച്ചെറിഞ്ഞു. ക്ലബിന്റെ ബോർഡും ജനൽച്ചില്ലുകളും തകർത്തിട്ടുണ്ട്. ആസ്ബറ്റോസ് ഷീറ്റും തകർത്തു. ക്ലബിൽ ഇരിക്കുകയായിരുന്ന ചെമ്പേരിയിലെ ആലക്കൻ വിബിൻ (32), വളയംകുണ്ടിലെ കൊച്ചുകാലായിൽ തോമസ്കുട്ടി (29) എന്നിവർക്ക് അക്രമത്തിൽ പരിക്കേറ്റു. ഇവരെ പരിയാരം മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. അക്രമം നടക്കുമ്പോൾ കുടിയാന്മല പോലീസിൽ നിരന്തരം വിളിച്ചുപറഞ്ഞിട്ടും പോലീസ് എത്തിയില്ലെന്ന് കോൺഗ്രസ് ആരോപിച്ചു. കോൺഗ്രസ് നിയന്ത്രണത്തിലുള്ള താണ് ക്ലബെങ്കിലും രാഷ്ട്രീയ ഭേദമന്യേ ആളുകൾ വൈകുന്നേരങ്ങളിൽ ഇവിടെ വന്നിരിക്കാറുണ്ട്. പൂപ്പറമ്പിൽ നിന്നെത്തിയ സി.പി.എമ്മുകാരാണ് അക്രമം നടത്തിയതെന്ന് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് ജോസഫ് കൊട്ടുകാപ്പള്ളി ആരോപിച്ചു. ഏരുവേശി സഹകരണ ബാങ്ക് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംഘർഷം ഉടലെടുത്തിരുന്നു.

ഇന്ന് രാവിലെയും കുടിയാന്മല പോലീസിൽ ബന്ധപ്പെട്ടെങ്കിലും തങ്ങൾ സംഘർഷബാധിത പ്രദേശമായ നടുവിലാണുള്ളതെന്നും പയ്യാവൂർ പോലീസ് സ്ഥലത്തെത്തുമെന്നും അറിയിച്ചെങ്കിലും രാവിലെ പത്ത് മണി കഴിഞ്ഞിട്ടും പോലീസ് സ്ഥലത്തെത്തിയില്ലെന്ന് കോൺഗ്രസ് ആരോപിച്ചു.

ചെമ്പേരി വളയംകുണ്ടിൽ കോൺഗ്രസ് നിയന്ത്രണത്തിലുള്ള ക്ലബ് അക്രമിച്ച നിലയിൽ

നാലാം ചരമവാർഷികം
5-12-2017

കെ. ഇ. മോഹൻലാൽ മാസ്റ്റർ
മാന്ധംകുണ്ട്, തളിപ്പറമ്പ
പരേതന് നിത്യശാന്തി നേർന്നുകൊണ്ട്
ഭാര്യ: ടി. പി. തങ്കം
മക്കൾ: ഉമാദേവി, മഞ്ജുള, സ്മിത, സുനോജ്ലാൽ
മരുമക്കൾ: നാരായണൻ, മനോഹരൻ, വിശ്വംഭരൻ, ഷൈജ, പേരമക്കൾ, മറ്റ് ബന്ധുക്കൾ

ടെൻഷൻ ഒഴിവാക്കൂ..!!
AWI
wooden frames
33 YEARS OF EXPERIENCE
READYMADE
കട്ടിള
ജനൽ

ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ	ആഞ്ഞിലി പ്ലാവ്	വിദേശ വീട്ടി	വിദേശ ഇരൂൾ	
കട്ടിള	3800	4500	5240	മുതൽ
3 പാളി ജനൽ	9200	10850	11420	മുതൽ
2 പാളി ജനൽ	6500	7700	8150	മുതൽ

തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ
ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com